II ഇ.ബി. XIII- കേരള നിയമസഭ/XIV-17

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ജൂലൈ 24, വെള്ളി

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

44 (*511) ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, എയിംസ് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി നൽകണമെന്ന കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന്റെ നിർദ്ദേശത്തിന്മേൽ മന്ത്രിസഭാ തീരുമാനപ്രകാരം കോഴിക്കോട്, കോട്ടയം, എറണാകുളം, തിരുവനന്തപുരം ജില്ലകളിലായി നാല് സ്ഥലങ്ങൾ തെരഞ്ഞെടുത്ത് ചെക്ക് ലിസ്റ്റ് സഹിതം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം സംസ്ഥാന ഗവൺമെന്റിന്റെ

അധീനതയിലുള്ളതും റോഡ്-റെയിൽ-എയർ കണക്ടിവിറ്റിയുള്ളതുമായ സ്ഥലങ്ങളാണ് എയിംസ് സ്ഥാപിക്കുന്നതിനുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത്. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലെ വിദഗ്ദ്ധ സംഘം പ്രസ്തുത സ്ഥലങ്ങൾ സന്ദർശിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ടീച്ചിംഗ് ഇൻസ്റ്റിറ്റ്യൂഷൻ, സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ എന്നിവയാണ് ആദ്യപടിയായി എയിംസിന്റെ കീഴിൽ ആരംഭിക്കാനുദ്ദേശിക്കുന്നത്. സംസ്ഥാനത്തിന് അടുത്ത ഘട്ടത്തിൽ എയിംസ് അനുവദിച്ചുനൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്നും ഇതിനായി എല്ലാവിധ ശ്രമങ്ങളും നടത്തുന്നതാണെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

45 (*512) <u>വേതന സുരക്ഷാ പദ്ധതി</u>

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ സ്വകാര്യ മേഖലകളിൽ പണിയെടുക്കുന്നവർക്ക് നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ബാങ്കുകൾ വഴി വേതനം ലഭ്യമാക്കുന്നതിനുമായി തൊഴിൽ വകുപ്പിന്റെ കീഴിൽ വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) നടപ്പിലാക്കുന്നതിനുള്ള നടപടികൾ

അന്തിമഘട്ടത്തിലാണെന്ന് സഭയെ അറിയിച്ചു. തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് ഓൺലൈൻ മുഖേന നേരിട്ട് ലഭ്യമാക്കുന്നതിലൂടെ പദ്ധതിക്ക് കൂടുതൽ സുതാര്യത കൈവരുന്നതാണ്. ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ്, സ്കൂളുകൾ, ആശുപത്രികൾ, അൻപത് തൊഴിലാളികളിൽ കൂടുതലുള്ള ജ്വല്ലറികൾ/വസ്ത്ര വ്യാപാര ശാലകൾ തുടങ്ങി ഏഴ് മേഖലകളാണ് പ്രധാനമായും പദ്ധതിയുടെ കീഴിൽ വരുന്നത്. പദ്ധതി പൂർണ്ണതോതിൽ പ്രാവർത്തികമാകുന്നതോടെ വേതന വിതരണവുമായി ബന്ധപ്പെട്ട് വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്. തിരുവനന്തപുരം ജില്ലയിൽ പൈലറ്റായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതി സംസ്ഥാനമാകെ വ്യാപിപ്പിക്കുന്നതിനുള്ള ത്വരിത നടപടി സ്വീകരിച്ചുവരികയാണ്. ഗവൺമെന്റിന്റെ പരിഗണനയിലുള്ള കേവല വേതന ബിൽ (ബെയർ വേജസ് ബിൽ) പ്രാബല്യത്തിലാകുന്നതോടെ അദ്ധ്യാപകരടക്കം മിനിമം വേജസ് ആക്ടിന്റെ പരിധിയിൽപെടാത്ത എല്ലാ വിഭാഗങ്ങളെയും പദ്ധതിയുടെ ഭാഗമാക്കാൻ കഴിയുന്നതാണ്. മിനിമം കൂലി ലഭിക്കാത്ത പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കായി ഇൻകം സപ്പോർട്ട് സ്കീം അടക്കമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് വിജയകരമായി നടപ്പിലാക്കിവരികയാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന രാജ്യത്തെ

ആദ്യ സംസ്ഥാനം കേരളമാണെന്നും പദ്ധതി പൂർത്തീകരിക്കുന്നതോടെ സ്വകാര്യ മേഖലയിലെ മിനിമം കൂലി നിഷേധം പൂർണ്ണമായും തുടച്ചുനീക്കാൻ സാധിക്കുന്നതാണെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

46 (*513) ജല അതോറിറ്റിയിലെ റണ്ണിംഗ് കോൺട്രാക്ട്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) നൽകിയ മറുപടിയിൽ, ജല അതോറിറ്റിയിലെ വിവിധ ജല വിതരണ പദ്ധതികളുടെയും സ്വീവർ ലൈനുകളുടെയും ദൈനംദിന അറ്റകുറ്റപ്പണികൾക്കായി വാർഷികാടിസ്ഥാനത്തിൽ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും അപ്രതീക്ഷിതമായുണ്ടാകുന്ന ലീക്കുകളും പൈപ്പുപൊട്ടലുകളും കാലതാമസമില്ലാതെ തീർപ്പാക്കാൻ ഈ സംവിധാനം പ്രയോജനകരമാണെന്നും സഭയെ അറിയിച്ചു. ഇ-ടെണ്ടറിംഗ്; ഒ.&എം. ബിൽ മോണിറ്ററിംഗ് സിസ്റ്റം; കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിന് കമ്മിറ്റി രൂപീകരിക്കൽ; കരാറുകാരുടെ പണം ബാങ്ക് അക്കൗണ്ട് വഴി ലഭ്യമാക്കൽ; ഇന്റേണൽ ഓഡിറ്റ് വഴി ബില്ലുകളുടെ സൂക്ഷ്മ പരിശോധന നടത്തൽ എന്നിവയിലൂടെ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം

കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. ജൈക്ക, ജൻറം പദ്ധതികൾപ്രകാരമുള്ള പൈപ്പ്ലൈനുകൾ ഇന്റർ കണക്ട് ചെയ്ത് ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. റെയിൻ വാട്ടർ ഹാർവെസ്റ്റിംഗിലൂടെയും ചുറ്റുമതിൽ കെട്ടിയും പൊതുകിണറുകൾ സംരക്ഷിക്കുന്നതിന് മുന്തിയ പരിഗണന നൽകിവരുന്നു. വാട്ടർ അതോറിറ്റി കോൺട്രാക്ടർമാരുടെ മെയിന്റനൻസ് റേറ്റ് പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. തിരുനാവായ ജലവൈദ്യുത പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. നെയ്യാറ്റിൻകര ഡിവിഷനിലെ വാൽവ് കൺട്രോളിംഗ് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ നിയന്ത്രണത്തിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. നാട്ടിക മണ്ഡലത്തിൽ വേലിയേറ്റ സമയത്ത് കൃഷിയിടങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതാണ്. കാലപ്പഴക്കംചെന്ന തൃക്കണ്ണാപുരം പ്ലാന്റിന് ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിനും അരുവിക്കരയിൽ പുതിയ പ്ലാന്റ് നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നതായി ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 4804 മുതൽ 5061 വരെയുള്ള ചോദ്യങ്ങളിൽ 47 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *